# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1362** **01.07.2015-ൽ മറുപടിക്ക്**

## നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

ചോദ്യം
ശ്രീ.കെ.കെ. നാരായണൻ

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള ബജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

മറുപടി
ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്
പൊതുമരാമത്ത് വകുപ്പ് മന്ത്രി

(എ) & (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള ബജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ടതും നടപ്പിലാക്കാൻ കഴിയാതെവന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ കെട്ടിട വിഭാഗം, ദേശീയപാത വിഭാഗം എന്നിവ തിരിച്ച് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു. നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

## കെട്ടിട വിഭാഗം

### അനുബന്ധം 1

| വർഷം | പ്രവൃത്തി | നിലവിലെ അവസ്ഥ / കാരണങ്ങൾ |
|---|---|---|
| 2011-12 | വെള്ളനാട് സിവിൽ സ്റ്റേഷൻ | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| 2012-13 | | നടപ്പിലാക്കാത്ത പദ്ധതികൾ ഒന്നും തന്നെയില്ല. |
| 2013-14 | എം.എൽ.എ.- ന്യൂ ഫ്ളാറ്റ് (പമ്പാ ബ്ലോക്ക് പൊളിച്ചുമാറ്റി ചെയ്യുന്നതിന്) | ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| 2014-15 | ഇടുക്കി മിനി സിവിൽ സ്റ്റേഷൻ | സ്ഥലം ലഭ്യമായിട്ടില്ല |
| | നെയ്യാറ്റിൻകര ടൗൺഹാൾ, സ്വദേശാഭിമാനി പാർക്ക് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | നിർദ്ദിഷ്ട സ്ഥലം ഹൈവേയുടെ സൈഡിൽ ആയതിനാൽ പുതിയ മതിയായ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. |
| | കാട്ടാക്കട മിനിസിവിൽ സ്റ്റേഷൻ | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| | കോന്നി സിവിൽ സ്റ്റേഷൻ അഡീഷണൽ ബ്ലോക്ക് | സ്ഥലം ലഭ്യമായിട്ടില്ല |
| 2015-16 | തൊടുപുഴ സിവിൽ സ്റ്റേഷൻ അനക്സ് | സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | മലപ്പുറം - പി.ഡബ്ല്യു.ഡി കോംപ്ലക്സ് | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

ദേശീയപാത വിഭാഗം

# അനുബന്ധം - 2

| സാമ്പത്തിക വർഷം | ക്രമ നമ്പർ | ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങൾ | വകയിരുത്തിയിരുന്ന തുക | നിർദ്ദേശങ്ങളെ സംബന്ധിച്ച ഇപ്പോഴത്തെ വിശദ വിവരങ്ങൾ | ചെലവാക്കിയ തുക |
|---|---|---|---|---|---|
| 2011 - 12 | 1 | തലശ്ശേരിയെ കണ്ണൂരുമായി ബന്ധിപ്പിക്കുന്ന മൊയ്തു പാലത്തിനു സമാന്തരമായി ഒരു പുതിയ പാലത്തിന്റെ നിർമ്മാണം. | 2 കോടി രൂപ | ഈ പാലത്തിന്റെ സ്ഥലമെടുപ്പിനുള്ള നഷ്ട പരിഹാര തുകയായി അനുവദിച്ച രണ്ടു കോടി രൂപയിൽ 1,02,11,338/ രൂപ ചെലവായിട്ടുണ്ട്. 8 പേർക്കുകൂടി നഷ്ടപരിഹാരം നൽകുവാൻ ഉണ്ട്. | 1,02,11,338/ രൂപ |
| | 2 | ആലപ്പുഴ ബൈപ്പാസിന്റെ പൂർത്തീകരണം | തുകയൊന്നും വകയിരുത്തിയിരുന്നില്ല. | ഇതിനെ സംബന്ധിച്ചുള്ള 2013-14 ലെ വിശദ വിവരങ്ങൾ കാണുക. | - |
| | 3 | കൊല്ലം ബൈപ്പാസിന്റെ പൂർത്തീകരണം | | | - |
| 2012-13 | 1 | ദേശീയപാത -47-കരമന- കളിയിക്കവിള ഭാഗം 4 വരിയായി വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് | റവന്യൂ വകുപ്പിന്റെ പ്രത്യേക ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നു | രണ്ടു ഘട്ടമായി നടപ്പാക്കുന്നതിനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഒന്നാം റീച്ചായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. രണ്ടാം ഘട്ടമായ വഴിമുക്കു മുതൽ കളിയിക്കവിള വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനു വേണ്ടി നടപടികൾ എടുത്തു വരുന്നു. | ഈ പദ്ധതിയോടനുബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ, സ്ഥലമെടുപ്പിനോടനുബന്ധിച്ച നഷ്ട പരിഹാരം, നിർമ്മാണ പ്രവൃത്തി തുടങ്ങിയവയ്ക്കായി നാളിതുവരെ 83.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 12.31 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. |
| | 2 | ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം.(കേന്ദ്ര സർക്കാർ സഹായത്തോടെ) | 5 കോടി രൂപ | ഇതിനെ സംബന്ധിച്ച് 2013-14 ലെ വിശദ വിവരങ്ങൾ കാണുക. | |
| | 3 | കൊല്ലം ബൈപ്പാസിന്റെ നിർമ്മാണം | 6 കോടി രൂപ (കൊല്ലം കാഞ്ഞിരപ്പള്ളി ബൈപ്പാസുകൾക്ക്) | | |

9

| | | | | | |
|---|---|---|---|---|---|
| 14 | 1 | തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം | മുഴുവൻ ചിലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത് | ദേശീയപാത 47 ൽ വരുന്ന, കഴക്കൂട്ടത്തുനിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന 43 കി.മീറ്റർ ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോട് കൂടിയ 4 വരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26/500 കി.മീ ഭാഗത്തിന്റെ പണിക്കുള്ള ടെൻഡർ ചെയ്തിട്ടുണ്ട്. ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പിനുള്ള 3 (ഡി) നോട്ടിഫിക്കേഷൻ നൽകിക്കഴിഞ്ഞു. ഏറ്റെടുക്കുന്ന വസ്തുവിന്റെ വില/നഷ്ടപരിഹാരം വിതരണം ചെയ്യുന്ന നടപടി Competent Authority of Land Acquisition (CALA) വഴി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ മുഴുവൻ ചിലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. | സംസ്ഥാനത്തിന് ബാധകമല്ല. |
| | 2 | കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം | 5 കോടി രൂപ | 28.124 കി.മീ വരുന്ന ഈ ബൈപ്പാസിന്റെ 23.084 കി.മീ ഭാഗം കേന്ദ്ര സഹായത്തോടെ രണ്ടുവരിയായി പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 5.1 കി.മീ ഭാഗത്തിന്റെ പണി 100% സംസ്ഥാന വിഹിതത്തോടെ SPEEID പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. NHDP യിൽ ഉൾപ്പെടുന്ന കാലിക്കട്ട് ബൈപ്പാസിന്റെ അവശേഷിക്കുന്ന ഈ ഭാഗം ഡി-ലിങ്ക് ചെയ്ത് പ്രത്യേക പദ്ധതിയായി 152.75 കോടി ചെലവിൽ സംസ്ഥാന സർക്കാർ അനുമതി നൽകി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. | ഒന്നും ആയിട്ടില്ല. |
| | 3 | തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം | 5 കോടി രൂപ | 18.03 കി.മീ വരുന്ന ഈ ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് തുടങ്ങി 12 കി.മീ ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. ബാക്കി ഭാഗത്തെ സ്ഥലമെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. പ്രത്യേക പദ്ധതിയായി സംസ്ഥാന സർക്കാരിന്റെ SPEEID പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതീക്ഷിക്കുന്ന ചെലവ് 396 കോടി രൂപ. | ഒന്നും ആയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | 4 | സുൽത്താൻ ബത്തേരി ബൈപ്പാസിന്റെ നിർമ്മാണം | 5 കോടി രൂപ | ഈ ബൈപ്പാസിന് 3.5 കി.മീ നീളം വരുന്നു. ചഒളജ യുടെ Phase-IV-A യിൽ ഉൾപ്പെടുത്തി രണ്ടു വരിയായി വികസിപ്പിക്കാനായി നേരത്തെ ഉദ്ദേശിച്ചിരുന്നെങ്കിലും നാഷണൽ ഹൈവേ 212 NHDP Phase-IV-A യിൽ നിന്ന് ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ മറ്റു മാർഗ്ഗങ്ങളിലൂടെ മേൽ ബൈപ്പാസിന്റെ നിർമ്മാണം സാദ്ധ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. | ഇല്ല |
| | 5 | ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം | 50 കോടി രൂപ | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 50:50 സാമ്പത്തിക പങ്കാളിത്തത്തോടെ കേരള സർക്കാർ ഈ പദ്ധതി EPC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതാണ്. ഇതിനു വേണ്ട കരാർ ഒപ്പുവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 348.43 കോടി രൂപ | |
| | 6 | കൊല്ലം ബൈപ്പാസിന്റെ നിർമ്മാണം | | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 50:50 സാമ്പത്തിക പങ്കാളിത്തത്തോടെ കേരള സർക്കാർ ഈ പദ്ധതി EPC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതാണ്. ഇതിനു വേണ്ട കരാർ ഒപ്പുവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 352.05 കോടി രൂപ | |
| 2014-15 | | ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല. | 5 ലക്ഷം രൂപ (ടൗൺ ഹാളിന്റെ നവീകരണത്തിനും സ്വദേശാഭിമാനി പാർക്കിന്റെ നവീകരണത്തിനും കൂടി) | നെയ്യാറ്റിൻകര സ്വദേശാഭിമാനി പാർക്കിന്റെ നവീകരണം ദേശീയപാത വിഭാഗത്തെക്കൊണ്ട് നടപ്പാക്കുവാനായി പ്രപ്പോസൽ സമർപ്പിക്കുവാൻ സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രപ്പോസൽ ഈ ഓഫീസിൽ നിന്ന് 13/03/2015 ലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. | ഇല്ല |

Dy/ S.O